# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *47 — 29-06-2015-ൽ മറുപടിക്ക്

### വ്യാവസായിക വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. സി.എഫ്.തോമസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാവസായിക വികസനം ത്വരിതപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം സംസ്ഥാനത്ത് വ്യാവസായിക വികസനത്തിനു വേണ്ടി ഒട്ടനവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീം പ്രകാരം വിവിധ യൂണിറ്റുകൾക്കും കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന യൂണിറ്റുകൾക്കും ധനസഹായം നൽകി വരുന്നു. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവ് എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മാർജിൻമണി വായ്പ പദ്ധതി പ്രകാരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംരംഭകർക്ക് വായ്പ അനുവദിച്ച് വരുന്നു.<br><br>സംസ്ഥാനത്തിന്റെ വികസന സാധ്യതകൾ മുൻനിർത്തി കേരളത്തിലെ വ്യവസായ വികസനത്തിനും നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും വേണ്ടിയാണ് എമർജിങ്ങ് കേരള, വ്യവസായ സംഗമം സംഘടിപ്പിച്ചത്. |

കൂടാതെ സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡ്, ഇൻവെസ്റ്റ് പ്രമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കു വച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, അല്ലാതെയുമായി ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

സംസ്ഥാനത്ത് ഇടത്തരം, വൻകിട വ്യവസായം തുടങ്ങുന്ന തിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസുകളും കെ.എസ്.ഐ.ഡി.സി മുഖേന ലഭ്യമാക്കി വരുന്നു.

വ്യവസായ വികസനം ത്വരിതപ്പെടുത്തുവാൻ കിൻഫ്ര ആരംഭിച്ച കർമ്മ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.
2. ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
4. ഗ്ലോബൽ ആയൂർവേദ വില്ലേജ്, തിരുവനന്തപുരം.
5. ഇന്റർനാഷണൽ എക്സിബിഷൻ & കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി.

**(ബി)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന യന്ത്ര സാമഗ്രികളും പഴയ സാങ്കേതിക വിദ്യയും പരിഷ്ക്കരിച്ച് ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ചും, വിപണനരംഗം ശക്തിപ്പെടുത്തിയും കൂടുതൽ വിപുലീകരിക്കുന്ന

തിനുള്ള പദ്ധതികളും നയസമീപനങ്ങളുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കൽ, പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ചു മാനേജ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ഏകോപിപ്പിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്ന വിപണി വിപുലപ്പെടുത്തുവാൻ കേന്ദ്രസ്ഥാപനങ്ങളുമായും ഇതര സംസ്ഥാന സ്ഥാപനങ്ങളുമായി ചേർന്നുള്ള പ്രവർത്തനം, വാണിജ്യ ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ **e-procurement** സംവിധാനം, എന്നിവ ഇതിനകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. E-portal വഴിയുള്ള ഉൽപ്പന്നവിപണത്തിനു വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം തന്നെ മന്ത്രി തലത്തിലും, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും, റിയാബ് മുഖേനയും ഇവയുടെ പ്രവർത്തന നിരീക്ഷണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ